(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ടെക്നോ പാർക്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു സൈബർ ഡോം തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങളിൽ ശാസ്ത്രീയ അന്വേഷണം നടത്തുന്നതിന് സഹായിക്കുന്നതിനായിട്ടാണ് സൈബർ ഡോം സ്ഥാപിക്കുന്നത്.

(സി) ഇതുസംബന്ധിച്ച് വകുപ്പുതല ചർച്ചകൾ നടന്നുവരികയാണ്.

(ഡി) ടെക്നോപാർക്കിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

റാഗിംഗിന് വിധേയനായ അഹബ് ഇബ്രാഹിമിന്റെ മരണം

152 (4487) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാംഗ്ലൂർ ആചാര്യ പോളിടെക്നിക്ക് കോളേജിൽ റാഗിംഗിന് വിധേയനായി ചികിത്സയിലിരിക്കെ 10-3-2014-ൽ മരണമടഞ്ഞ ചാലക്കുടി പൂപ്പറമ്പിൽ വീട്ടിൽ സയ്യിദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിമിന്റെ മരണത്തിന് ഉത്തരവാദി കളായവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് അഹബിന്റെ രക്ഷിതാക്കൾ സമർപ്പിച്ച പരാതിയിൽ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 363/14 ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; അന്വേഷണം ഊർജ്ജിതമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത പരാതിയിന്മേൽ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 363/2014 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിൽ, മരണപ്പെട്ട അഹബ് പഠിച്ചിരുന്ന ബാംഗ്ലൂരിലെ ആചാര്യ കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോളേജിലെ താമസ സ്ഥലത്ത് 27-1-2014-ന് വീണ്

LIBRARY ARCHIVES Kerala Legislative Assembly

പരിക്കുപറ്റി ചികിത്സയിലായിരുന്നുവെന്നും തുടർ ചികിത്സയ്ക്കായി എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ കൊണ്ടുവന്നിരുന്നതും ടി ആശുപത്രിയിൽ വച്ച് 10-3-2014-ന് മരണപ്പെട്ടിട്ടുള്ളതായും വെളിവായിട്ടുണ്ട്. തുടർന്ന് ടിയാന് പരിക്കേറ്റ സ്ഥലം ബാംഗ്ലൂരിലെ പീന്ന്യ പോലീസ് സ്റ്റേഷൻ അതിർത്തിയിലായതിനാൽ തുടർ അന്വേഷണത്തിയായി കേസ് ഫയൽ കർണ്ണാടക സംസ്ഥാന പോലീസ് മേധാവിക്ക് 13-5-2014-ന് കൈമാറിയിട്ടുണ്ട്.

മോട്ടോർ സൈക്കിൾ അപകടങ്ങൾ

153 (T* 4488) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ 18 വയസ്സിനു താഴെയുള്ള കുട്ടികൾ മോട്ടോർ സൈക്കിൾ ഓടിച്ചുണ്ടായ എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ അപകടങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട് ; എത്രപേർക്ക് മാരകമായി പരിക്കു പറ്റിയിട്ടുണ്ട് ;

(സി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂളുകളിൽ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ വാഹന അപകടങ്ങളെയും ട്രാഫിക് നിയമങ്ങളെയും അപകടങ്ങളിലെ ജീവഹാനിയെയും കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 143 വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 36 പേർ മരണപ്പെടുകയും 92 പേർക്ക് മാരകമായി പരിക്കു പറ്റുകയുമുണ്ടായിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂളുകളിൽ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ വാഹനാപകടങ്ങളെപ്പറ്റിയും ട്രാഫിക് നിയമങ്ങളെ അനുസരിക്കേണ്ട ആവശ്യകതയെപ്പറ്റിയും ട്രാഫിക് ഇലക്ട്രോണിക് പാർക്ക്, സി.ഡി. പ്രദർശനം, മാജിക്, ലഘുനാടകം എന്നിവ ഉൾപ്പെടുന്ന ബോധവത്കരണ ക്ലാസ്സുകൾ, സ്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ കാൽനട യാത്രക്കാർ പാലിക്കേണ്ട നിയമങ്ങൾ,

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly